# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:66** 02/03/2020- **ൽ മറുപടിയ്ക്ക്**

**കരുണ സംഗീത നിശ മുഖേന ലഭിച്ച തുക**

| **ചോദ്യം**<br>**ശ്രീ. ടി.ജെ.വിനോദ്** | | **ഉത്തരം**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | കൊച്ചി മ്യൂസിക് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലുള്ള കരുണ സംഗീത നിശ മുഖേന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനായി കൊച്ചി രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം സൗജന്യമായി അനുവദിച്ചിരുന്നോ എന്ന് അറിയിക്കാമോ; | (എ) | അനുവദിച്ചിരുന്നു. |
| (ബി) | പ്രസ്തുത സംഗീത നിശയിൽ നിന്നും ലഭിച്ച തുക അതിന്റെ ഭാരവാഹികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക നൽകിയെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ; | (ബി) | നൽകിയിട്ടുണ്ട്. 6,22,000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് 14.02.2020 ന് ലഭ്യമാക്കിയിട്ടുള്ളതാണ്. |
| (സി) | സംഗീത നിശ നടത്തിയിട്ട് അതിൽ നിന്നും ലഭിച്ച ആദായം സമയബന്ധിതമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകാതിരുന്ന ഭാരവാഹികൾക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | സംഗീത നിശ നടത്തിയിട്ട് അതിൽ നിന്നും ലഭിച്ച ആദായം സമയബന്ധിതമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകാതിരുന്ന ഭാരവാഹികൾക്കെതിരെ ഭാരതീയ യുവമോർച്ച സംസ്ഥാന സെക്രട്ടറി സന്ദീപ് വാര്യർ എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ പരാതി കമ്മീഷണർ, കൊച്ചി സിറ്റിയ്ക്ക് അന്വേഷണത്തിനായി അയച്ച് കിട്ടിയിട്ടുള്ളതും ആയതിന്മേൽ കൊച്ചി സിറ്റി സി-ബ്രാഞ്ച് അസ്സി.കമ്മീഷണർ അന്വേഷണം നടത്തി വരുന്നതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | ദുരിതാശ്വാസ നിധിയിലേക്ക് എന്ന പേരിൽ ഇത്തരം പരിപാടികൾ സംഘടിപ്പിച്ച് ലക്ഷക്കണക്കിന് രൂപ പിരിച്ചശേഷം ദുരിതാശ്വാസ നിധിയിലേക്ക് സമയത്ത് പണം അടയ്ക്കാത്തവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ